VIA EMAIL

# INSTITUTE OF HUMAN RESOURCES DEVELOPMENT
## PRAJO'E TOWERS, VAZHUTHACAUD
## THIRUVANANTHAPURAM

*DA1/12434/2015/HRD* *Dated: 25th September, 2015*

## CIRCULAR

*Sub: - IHRD – International day for the elderly 2015 – statewide celebrations – celebration in IHRD institutions - reg: -*

*Ref: - Letter No.26988/K3/2015/Hr.Edn dtd.9.09.2015 from the Under Secretary, Hr. Edn (k) department.*

Please see a copy of the letter under reference. In this connection, the heads of all IHRD institutions are directed to take necessary action for the observance of international day for the elderly (2015) on 1st October, 2015 by conducting suitable programs as detailed in the reference.

*Yours Sincerely*
*Sd/-*
*DIRECTOR*

Encl: Copy of above reference

To,

1. The heads of all IHRD institutions
2. SF
3. O.C

*Approved for Issue*

*Superintendent*

D.26.09.15

Academic (S) 18/9/15

**GOVERNMENT OF KERALA**

No: 26988/K3/2015/H.Edn.

12434 | 15 | HRD

Higher Education (K) Department,
Thiruvananthapuram,
Dated: 09-09-2015.

INSTITUTE OF HUMAN RESOURCES DEVELOPMENT
16 SEP 2015
TRIVANDRUM

6/17.9.15

From
Secretary to Government

To

1. The Director of Collegiate Education, Thiruvananthapuram.
2. The Director of Technical Education, Thiruvananthapuram.
3. The Director, Institute of Human Resource Development, Prajoe Towers, Vazhuthacaud, Thiruvananthapuram
4. The Director of LBS Centre, Thiruvananthapuram
5. The Registrar,University of Kerala,Thiruvananthapuram/ M.G.University, Kottayam/ Sree Sankaracharya University Sanskrit, Kalady, Ernakulam/Cochin University of Science and Technology,Kochi/Calicut University, Malappuram/Kannur University, Kannur/Malayalam University,Thirur/National University of Advanced Legal Studies, NUALS Campus, H.M.T. Colony P.O., Kalamassery, Ernakulam

Sir,

Sub:- Higher Education Department – International Day for the Elderly 2015 – State Wide Celebration arrangements – reg.

……

I am to forward herewith an abstract of the note on above subject for information and necessary action.

Yours faithfully,
**LATHA.S**
Under Secretary
for Secretary to Government

Approved for issue

Section Officer.

17/9

18/9/2015

3

**ലോക വയോജന ദിനാഘോഷ പരിപാടി 2015 ഒക്ടോബർ 1**

**സംഘടിപ്പിക്കാവുന്ന പരിപാടികൾ**

**2015 സെപ്തംബർ 3-ാം തീയതി 12.30 PM – ന് സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിലെ യോഗം**

**"തണലേകിയവർക്ക് തണലാകാം"**

**ലോക വയോജനദിനാചരണം- ഒക്ടോബർ-1**

**ലക്ഷ്യം :-** ഇത്തവണത്തെ വയോജനദിനത്തെ **'വയോജനസൗഹൃദ കേരളം'** എന്ന ലക്ഷ്യപ്രഖ്യാപനത്തിനുള്ള അന്തരീക്ഷ സൃഷ്ടിക്ക് തുടക്കം കുറിക്കുന്ന ദിനമായി ലക്ഷ്യമിടുന്നു. മുതിർന്ന പൗരർ നമ്മുടെ നാടിന്റെ വികസനത്തിനായി സംഭാവന ചെയ്ത കാര്യങ്ങൾ ഓർമ്മിക്കുന്നതിനും അവയുടെ മൂല്യം തിരിച്ചറിയുന്നതിനും പ്രേരിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും മറ്റ് സർക്കാർ/പൊതു/സഹകരണ/സ്വകാര്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുമാണ് പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. എന്നാൽ കഴിയുന്നത്ര സംഘടനകളേയും സ്ഥാപനങ്ങളേയും ഈ പരിപാടിയിൽ പങ്കാളിയാക്കാൻ ശ്രമിക്കേണ്ടതാണ്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്താവുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **പൊതു വിദ്യാഭ്യാസ വകുപ്പ്:**

**(a). സ്കൂൾതല സംഗമം**

എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകൾ കേന്ദ്രീകരിച്ച് മുതിർന്ന പൗരരുടെ സംഗമങ്ങൾ സംഘടിപ്പിക്കുക, കുട്ടികൾ അവരുടെ മുത്തശ്ശി-മുത്തശ്ശൻമാരെ ഒക്ടോബർ ഒന്നിന് സ്കൂളുകളിലേക്ക് ക്ഷണിക്കുക. ഈ സംഗമത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

(എ). ജീവിതാനുഭവങ്ങൾ പങ്കിടൽ, ജീവിതത്തിൽ ആവേശവും സന്തോഷവും ഉണ്ടാക്കിയ സന്ദർഭങ്ങൾ, നാടിന്റെ വികസനത്തിനായി നൽകിയ സംഭാവനകൾ തുടങ്ങിയവ അവതരിപ്പിക്കൽ.

(ബി). സ്കൂളിൽ പഠിച്ച് പ്രമുഖരായവരും അവരുടെ സംഭാവനകൾ അവതരിപ്പിക്കൽ

(സി). കലാപരിപാടികൾ- സംഘപരിപാടികളും, വ്യക്തിതല പരിപാടികളും ഉൾപ്പെടുത്താം

(ഡി).മുതിർന്ന പൗരരുടെ കുട്ടിക്കാലത്തെ 'വികൃതിയും പ്രകൃതിയും' അവതരിപ്പിക്കാനുള്ള അവസരങ്ങൾ, കുട്ടിക്കാലത്ത് ചെയ്ത വികൃതികൾ– അവയിൽ നിന്ന് പിന്നീട് പഠിച്ച കാര്യങ്ങൾ– ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവയും ഉൾപ്പെടുത്താം.

(ഇ). വയോജന പരിപാടികൾ ആലോചിക്കുന്നതിനും തനത് പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും സ്കൂൾതലത്തിൽ കുട്ടികളുടേതായ ഒരു സംഘത്തിന് രൂപം നൽകണം. ഇവർക്ക് മേൽപ്പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ മികവുറ്റതാക്കാനും കൂട്ടിചേർക്കാനും അവസരം നൽകണം.

(എഫ്). ഒക്ടോബർ –1 ന് പരിപാടികൾ ആരംഭിക്കേണ്ടത് കുട്ടികളും മുതിർന്ന പൗരരും പങ്കെടുക്കുന്ന പൊതുസഭയിലൂടെ (അസംബ്ലി) ആയിരിക്കണം. ഇതിൽ വയോജനദിന സന്ദേശം വായിച്ചുകൊണ്ടായിരിക്കണം പരിപാടികൾക്ക് തുടക്കം കുറിക്കുക. ഇതിനുള്ള സന്ദേശകുറിപ്പ് സംസ്ഥാനതലത്തിൽ തയ്യാറാക്കി നൽകുന്നതാണ്.

തങ്ങളുടെ പഴയ ക്ലാസ്മുറികൾ, കളിസ്ഥലം, സ്റ്റേജ്, തുടങ്ങിയിടങ്ങളിൽ കുട്ടികൾക്ക് ഒപ്പം ചെലവിടുന്നതിനും ഒന്നിച്ചുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകമായ രീതിയിലായിരിക്കം മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടത്.

<u>(b). കുട്ടികൾക്കായി ലേഖന മത്സരം</u>

"വയോജന സൗഹൃദ നാട്" എന്ന വിഷയത്തെ അടിസ്ഥാനമാക്കി സ്കൂൾ തലത്തിൽ ലേഖനം/ചിത്രരചന/പെയിന്റിംഗ് മത്സരം– സ്കൂൾ തലവും വിദ്യാഭ്യാസ ജില്ലാ/ ഉപജില്ലാതലത്തിൽ നടത്താം. വിദ്യാഭ്യാസ ജില്ലാ/ഉപജില്ലാതലത്തിൽ പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്. ഈ പരിപാടി പൂർണ്ണമായി വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാൻ കഴിയണം.

<u>( c) വയോജന സൗഹൃദ നാട് – കുട്ടികൾ തയ്യാറാക്കുന്ന നയരേഖ</u>

ജൂൺ 15–ന് World Elderly Abuse Awareness Day ദിനാചരണത്തിന്റെ ഭാഗമായി സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റെ നേതൃത്വത്തിൽ നടന്ന " ഇന്നലെയിൽ നിന്നും നാളയെത്തേടി" എന്ന പരിപാടിയുടെ ഭാഗമായി കുട്ടികൾ മുതിർന്ന പൗരരെ കണ്ടെത്തി ജീവിതാനുഭവങ്ങളും ജീവിതസാഹചര്യവും മനസ്സിലാക്കിയിരുന്നു. ഈ കുട്ടി സംഘത്തിന്റെ നേതൃത്വത്തിൽ മുതിർന്ന പൗരരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഏറ്റെടുക്കേണ്ട പ്രവർത്തനത്തെ സംബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ഒരു നയരേഖ

തയ്യാറാക്കേണ്ടതാണ്. പ്രസ്തുത നയരേഖ ജില്ലാടിസ്ഥാനത്തിലുള്ള ശിൽപശാലയിൽ അവതരിപ്പിക്കുകയും അവിടെ വരുന്ന നിർദ്ദേശങ്ങൾ കൂട്ടി ചേർത്ത് ജില്ലയിൽ നിന്നും ഒരു ടീം വീതം (രണ്ടുപേർ) പങ്കെടുക്കുന്ന സംസ്ഥാന ശിൽപശാലയും സംഘടിപ്പിക്കാവുന്നതാണ്. ഈ ശിൽപശാലയിൽ ജില്ലയിൽ നിന്നും തിരഞ്ഞെടുത്ത രണ്ട് സ്റ്റുഡൻസ് കേഡറ്റ് പോലീസുമാരും സംസ്ഥാനതല വകുപ്പ് തലവന്മാരും പങ്കെടുക്കുന്ന ഒരു സംസ്ഥാന ശിൽപശാല സംഘടിപ്പിക്കാവുന്നതാണ്. ഇത് സെപ്റ്റംബർ 30, ഒക്ടോബർ –1 ന് നടത്താവുന്നതാണ്.

2. **ഉന്നത വിദ്യാഭ്യാസ വകുപ്പ്**

**(a). കോളേജുകൾ**

മുഴുവൻ കോളേജുകളിലെയും എൻ.എസ്.എസിന്റെ പരിപാടിയായി സംഘടിപ്പിക്കണം. 60 വയസ്സു കഴിഞ്ഞ കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾ– അധ്യാപകർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംഗമം നടത്തേണ്ടതാണ്. ആദരിക്കൽ, അനുഭവ– ജീവിത വിജയങ്ങൾ അവതരിപ്പിക്കൽ, എന്നിവ പരിപാടിയിൽ ഉൾപ്പെടുത്താം. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ പൂർവ്വ വിദ്യാർത്ഥി സംഗമം, ഗുരുവന്ദനം എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

3. **സാമൂഹ്യനീതി വകുപ്പ്**

**(a). അംഗൻവാടി തലം**

മുഴുവൻ അംഗൻവാടികളിലും 'മുത്തശ്ശി– മുത്തശ്ശൻ സംഗമം' ഓരോ അംഗൻവാടിയുടെയും പ്രവർത്തന പരിധിയിൽ വരുന്ന മുത്തശ്ശി– മുത്തശ്ശൻമാരുടെ സംഗമം പ്രസ്തുത ദിവസം 2 മണി മുതൽ 4 മണിവരെ നടത്തേണ്ടതാണ്. കുട്ടികൾക്ക് രസകരവും ഉത്സാഹം ഉണ്ടാക്കുന്ന തരത്തിൽ അലങ്കരിച്ച് മുത്തശ്ശി–മുത്തശ്ശൻമാരെ സ്വീകരിക്കാൻ സജ്ജീകരിക്കേണ്ടതാണ്. മുത്തശ്ശി – മുത്തശ്ശന്മാരുടെ നേതൃത്വത്തിൽ കഥ, കവിത, പാട്ടുകൾ, നാടൻ കളിക്കോപ്പ് നിർമ്മാണം എന്നിവ നടത്തുകയും ചെയ്യണം.

**(b). വൃദ്ധസദനങ്ങൾ**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ളതും, അംഗീകാരമുള്ളതുമായ വൃദ്ധസദനങ്ങൾ കേന്ദ്രീകരിച്ച് വയോദിനാചരണം നടത്തണം. വൃദ്ധസദനത്തിന് സമീപമുള്ള സ്കൂളുമായി വൃദ്ധസദനത്തിന്റെ വയോജന പരിപാടി ബന്ധിപ്പിക്കാവുന്നതാണ്. സമീപത്തെ സ്കൂളുകളും സാമൂഹ്യ സംഘടനകളും ഒന്നിച്ച് ആലോചിച്ച് വൃദ്ധസദനത്തിലോ മറ്റ് പൊതു സ്ഥലങ്ങളിലോ ഇതിനായി തെരഞ്ഞെടുക്കാവുന്നതാണ്. തികച്ചും ഒരു ആഘോഷമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**(c). വയോമിത്രം**

വയോമിത്രം പ്രോജക്ടുകൾ നിലവിലുള്ള നഗരസഭകളിൽ വയോമിത്രം പ്രോജക്ടിന്റെ ഭാഗമായി വയോദിനാചരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നഗരസഭകളുടെ പ്രവർത്തനം വിശദീകരിച്ചിരിക്കുന്ന ഭാഗത്ത് സൂചിപ്പിച്ചിട്ടുണ്ട്

4. **ആരോഗ്യ വകുപ്പ്**

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും വയോജന ദിന പരിപാടി സംഘടിപ്പിക്കണ്ടതാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും വയോജനാരോഗ്യ സദസ് സംഘടിപ്പിക്കാവുന്നതാണ്. പ്രായാധിക്യത്തിലുണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങളും അവ നേരിടുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ക്ലാസ്സ് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സ്കൂളുകൾ, അംഗൻവാടികൾ സംഘടിപ്പിക്കുന്ന വയോജന ദിനാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ക്ലാസ്സുകളിൽ ആരോഗ്യ സംബന്ധമായ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള റിസോഴ്സ് പേഴ്സൺമാരെ നൽകാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

5. **തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ**

**(a). പഞ്ചായത്ത് /നഗരസഭാതലം**

ഗ്രാമപഞ്ചായത്തിലും നഗരസഭാ പ്രദേശങ്ങളിലും ടി പ്രവർത്തനങ്ങൾ നടക്കുമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. ഇതിനായി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സംഘാടനക സമിതിക്ക് രൂപം നൽകണം. സ്കൂളുകൾ, അംഗൻവാടികൾ, കുടുംബശ്രീ, ജനമൈത്രി പോലീസ്, സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ സംഘടന പ്രതിനിധികൾ തുടങ്ങി മുഴുവൻ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രതിനിധികളെ സംഘാടക സമിതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. സംഘാടക സമിതി യോഗത്തിൽ വച്ച് ഓരോ സ്ഥാപനത്തിലും/സംഘടനയിലും നടത്തേണ്ട പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തെ വയോ സൗഹൃദമാക്കുന്നതിന്റെ മുന്നോടിയായി ഒരു ജനസഭ വിളിച്ചു ചേർക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. മുഴുവൻ വാർഡുകളിൽ നിന്നും പ്രാതിനിധ്യം ഈ ജനസഭയിൽ ഉറപ്പാക്കേണ്ടതാണ്. ഇതിൽ 50% മുതിർന്ന പൗരരും 25% മദ്ധ്യവയസ്കരും 25% യുവജനങ്ങളും എന്ന അനുപാതത്തിൽ പങ്കാളിത്തം നൽകേണ്ടതാണ്. സമൂഹത്തിലെ വ്യത്യസ്ഥ തൊഴിൽ മേഖലകളിൽ നിന്നുള്ളവരുടെ പങ്കാളിത്തം ഉണ്ടാകുമെന്ന് ഉറപ്പാക്കണം. ആകെ പങ്കാളിത്തത്തിന്റെ 50% സ്ത്രീ

7

പങ്കാളിത്തവും അനിവാര്യമാണ്. (വ്യത്യസ്ഥ പ്രായ വിഭാഗങ്ങളിലും) ഈ ജനസഭയിൽ തദ്ദേശ ഭരണ സ്ഥാപനപ്രദേശത്ത് മുതിർന്ന പൗര വിഭാഗം അനുഭവിക്കുന്ന വിവിധതരം പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരവുമാണ് ചർച്ച ചെയ്യപ്പെടേണ്ടത്. സർക്കാർ/സ്വകാര്യസ്ഥാപനങ്ങൾ/പൊതുയിടങ്ങൾ വയോ സൗഹൃദമാക്കുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങളും ചർച്ചയ്ക്ക് വിധേയമാക്കണം. വികസന പദ്ധതി ഇക്കാര്യങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും സാമൂഹ്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്ന പരിപാടികൾ സംബന്ധിച്ചും ചർച്ചയിലൂടെ വ്യക്തത വരുത്തേണ്ടതാണ്. നിലവിൽ നടക്കുന്ന പാലിയേറ്റീവ്, വയോമിത്രം, ആശ്രയ, ഇതര വയോജനക്ഷേമ പരിപാടികൾ നടത്തിപ്പും അവയെ കൂടുതൽ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ചും ചർച്ച വിധേയമാക്കേണ്ടതാണ്. വയോജനങ്ങളുടെ കലാകായിക പ്രവർത്തനങ്ങൾ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നത് ഈ ജനസഭ പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിന്റെ തുടർച്ചയായി ഓരോ തദ്ദേശഭരണസ്ഥാപനത്തിനും ഒരു വയോജന വികസന കർമ്മ പരിപാടിക്ക് രൂപം നൽകാൻ കഴിയണം.

**(b). കുടുംബശ്രീ– വയോജന ദിനാചരണം**

1. കുടുംബശ്രീ– എ.ഡി.എസുകളുടെ നേതൃത്വത്തിൽ 60 വയസ് കഴിഞ്ഞ സ്ത്രീകളുടെ പ്രത്യേക സംഗമം നടത്താവുന്നതാണ്. ഈ സംഗമത്തിൽ കുടുംബശ്രീ പ്രവർത്തനത്തിലും നാട്ടിലെ വികസന പ്രവർത്തനങ്ങളിലും വിവിധതലങ്ങളിൽ പ്രവർത്തിച്ച് തനതായ സംഭാവന ചെയ്ത് സ്ത്രീകളെ ആദരിക്കുകയും വാർഡിലെ 60 കഴിഞ്ഞ ജീവിത ബുദ്ധിമുട്ട് അനുവഭവിക്കുന്ന സ്ത്രീകളെ പിൻതുണയ്ക്കുന്നത് എങ്ങനെ എന്നത് സംബന്ധിച്ചും, 60 കഴിഞ്ഞവർക്ക് ലഭിക്കേണ്ട വിവിധ സഹായങ്ങൾ ലഭിക്കുന്നത് സംബന്ധിച്ചും സംഗമത്തിൽ ചർച്ച സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ ഇവരുടെ കലാപരിപാടികളും നടത്താവുന്ന താണ്. ഈ കൂട്ടായ്മയിൽ ചർച്ച ചെയ്യുന്നതിനുള്ള ഒരു പ്രത്യേക പ്രമേയം സാമൂഹ്യനീതി വകുപ്പിൽ നിന്നും നൽകുന്നതാണ്.

   കുടുംബശ്രീ ബാലസഭകളുടെ നേതൃത്വത്തിൽ മുതിർന്ന പൗരരിൽ നിന്നും ബാലസഭാപ്രദേശത്തിന്റെ സാമൂഹ്യ സാമ്പത്തിക മാറ്റങ്ങളെക്കുറിച്ചും മുതിർന്നവരുടെ ജീവിതത്തിലെ പ്രയാസങ്ങളെക്കുറിച്ചും മനസ്സിലാക്കുകയും ചെയ്യുന്ന പ്രവർത്തനം സംഘടിപ്പിക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന രേഖ ബാല പഞ്ചായത്ത്/ ബാല നഗരസഭകമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ടതാണ്. ഇതിനായി ബാലപഞ്ചായത്ത്/ബാലനഗരസഭയുടെ പ്രത്യേക യോഗം ഒക്ടോബർ 2–ാം തീയതി

മുഴുവൻ സ്ഥലങ്ങളിലും നടത്തേണ്ടതാണ്. കുട്ടികൾ 'വയോ സൗഹൃദസമൂഹത്തിലേക്ക്' എന്നതിന് ഒരു രേഖ ചർച്ച ചെയ്തു തയ്യാറാക്കി പുതിയതായി അധികാരത്തിൽ വരുന്ന പഞ്ചായത്ത്/ നഗരസഭ സമിതികൾക്ക് നൽകേണ്ടതാണ്.

6. **<u>അഭ്യന്തരം</u>**

**<u>(a). ജനമൈത്രി പോലീസ്.</u>**

ജനമൈത്രി പോലീസിന്റെയും റസിഡൻസ് അസോസിയേഷനുകളുടെയും നേതൃത്വത്തിൽ ദിനാചരണം പോലീസ് സ്റ്റേഷൻ/റസിഡൻസ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കാം. കേസുകളുടെ അദാലത്ത്, കേസുകൾ സ്വീകരിക്കൽ, എന്നിവക്ക് പുറമേ 'പൊതുസ്ഥലങ്ങൾ പ്രായം ചെന്നവർക്ക് സുരക്ഷിതമാക്കൽ' എന്നത് സംബന്ധിച്ച് പൊതു സംവാദവും പരിപാടിയിൽ ഉൾപ്പെടുത്താം.

7. **<u>സ്ഥാപന തലം- എല്ലാ വകുപ്പുകളും ശ്രദ്ധിക്കേണ്ടത്</u>**

സംസ്ഥാന/അർദ്ധസർക്കാർ/സഹകരണ തുടങ്ങി മുഴുവൻ സ്ഥാപനങ്ങളിലും പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിരമിച്ചവരും 60 വയസ്സ് കഴിഞ്ഞവരേയും ഉൾപ്പെടുത്തി സ്ഥാപനതല സംഗമം നടത്തേണ്ടതാണ്. ഔദ്യോഗിക ജീവിതത്തിനുശേഷമുള്ള ജീവിതാനുഭവങ്ങൾ പങ്കിടുന്നതിനും പഴയകാല ഓർമ്മകൾ പങ്കിടുന്നതിന് ഈ കൂടിച്ചേരൽ പ്രയോജനപ്പെടുത്തണം. രാവിലെ ഏകദേശം ഒന്നര-രണ്ട് മണിക്കൂർ നീണ്ടു നിൽക്കുന്ന പരിപാടി ആയി ആസൂത്രണം ചെയ്യണം. ഈ കൂടിചേരലിൽ പ്രസ്തുത സ്ഥാപനത്തെ വയോജന സൗഹൃദമാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യാമെന്ന് ചർച്ച ചെയ്ത് ഒരു പ്രവർത്തന പരിപാടി തയ്യാറാക്കണം.

8. **<u>സംഘടനകളുടെ നേതൃത്വത്തിൽ</u>**

പഞ്ചായത്ത് /നഗരസഭാതലത്തിലുള്ള മുഴുവൻ സാമൂഹ്യ- സാംസ്കാരിക-തൊഴിൽ - റസിഡൻസ് അസോസിയേഷനുകളും പ്രസ്തുത സംഘടനയിലുണ്ടായിരുന്നവരും- വാർദ്ധക്യത്താൽ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നവരുടേയും സംഗമം നടത്തുന്നതിനും ആവശ്യപ്പെടാവുന്നതാണ്. പ്രസ്തുത സംഘടനയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശത്തെ വയോജന സൗഹൃദമാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ ചെയ്യാമെന്ന് ചർച്ചയും ജീവിതാനുഭവങ്ങൾ പങ്കിടലും ആലോചിക്കാവുന്നതാണ്. കഴിയുന്നത്ര സ്ഥലങ്ങളിൽ 'ജീവിത സായാഹ്നത്തെ സമ്പന്നമാക്കാൻ സാംസ്ക്കാരിക സായാഹ്നം' എന്ന ആശയത്തിൽ ഉതകുന്ന പരിപാടികൾ നടപ്പിലാക്കാൻ ആവശ്യപ്പെടാവുന്നതാണ്. പൊതു ആവശ്യത്തോട് സഹകരിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ധാരാളം സംഘടനകൾ ഉണ്ടാകും. ഇക്കാര്യത്തിൽ അത്തരം സംഘടനകളുടെ പ്രവർത്തനം പ്രയോജനപ്പെടുത്താം.

യുവജന സംഘടനകളുടെ നേതൃത്വം ഇക്കാര്യത്തിൽ അനുകൂലമായി പ്രതികരിക്കാൻ സന്നദ്ധമായിരിക്കും. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജില്ലകളിലൂടനീളം പരിപാടി സംഘടിപ്പിക്കാവുന്നതാണ്.

9. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ സംഘാടനത്തിനായി ചുവടെ ചേർക്കുന്ന **നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.**

1. ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ, ജില്ലാ പോലീസ് ചീഫ്. യുവജനക്ഷേമ ബോർഡ് ജില്ലാ കോർഡിനേറ്റർ എന്നിവരുടെ വീഡിയോ കോൺഫറൻസ് നടത്തേണ്ടതാണ്.
2. സാമൂഹ്യനീതി വകുപ്പിന്റെ പ്രോഗ്രാം ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ, നഗരപ്രദേശത്തെ അംഗൻവാടി സൂപ്പർവൈസർ, വയോമിത്രം കോ–ഓർഡിനേറ്റർമാർ എന്നിവർക്കായി സംസ്ഥാനതല പരിശീലനം നൽകേണ്ടതാണ്. സെപ്റ്റംബർ 15/16– ന് തിരുവനന്തപുരത്ത്.
3. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, എന്നിവരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ ജില്ല/ ഉപജില്ലാടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർമാരുടെ യോഗം നടത്തി സ്കൂൾ തല പരിപാടിയുടെ സംഘാടനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്. സെപ്റ്റംബർ 20– ന് മുമ്പ് സംഘടിപ്പിക്കേണ്ടതാണ്. സംഘാടന ചുമതല ജില്ലാ സാമൂഹ്യനീതി ഓഫീസർ.
4. അംഗൻവാടി സൂപ്പർവൈസർമാർക്ക് ജില്ലാടിസ്ഥാനത്തിൽ സി.ഡി.പി.ഒ തലത്തിൽ വയോജന ദിനാചരണത്തെ സംബന്ധിച്ച ഏകദിന പരിശീലനം നൽകേണ്ടതാണ്. സെപ്റ്റംബർ 20– ന് മുമ്പ്.
5. സ്കൂളുകൾ, അംഗൻവാടികൾ, സ്ഥാപനങ്ങൾ തുടങ്ങി എല്ലാ സ്ഥലങ്ങളിലും വയോജന ദിനാചരണത്തിന്റെ ഭാഗമായി സംഘാടക സമിതികൾ രൂപീകരിക്കേണ്ടതാണ്. സെപ്റ്റംബർ 25– ന് മുമ്പ്.
6. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടേയും നഗരസഭാ അദ്ധ്യക്ഷരുടേയും പ്രത്യേക യോഗം വിളിച്ചു ചേർത്ത് തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് മുഴുവൻ സ്ഥാപനങ്ങൾ/സംഘടനകൾ വയോജനദിനാഘോഷ പരിപാടി സംഘടിപ്പിക്കുന്നത് ഉറപ്പാക്കേണ്ടതാണ്. ഒപ്പം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലും പ്രത്യേക പരിപാടി ആവിഷ്ക്കരിക്കേണ്ടതാണ്. സെപ്റ്റംബർ 15– ന് മുമ്പ് ഈ യോഗം സംഘടിപ്പിക്കാൻ കഴിയണം.

7. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലയിലെ വകുപ്പുമേധാവികളുടെ യോഗം ചേർന്ന് സ്ഥാപനതല വയോജനദിനാചരണം സംബന്ധിച്ച് പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടതാണ്. സെപ്റ്റംബർ 15-നകം (ഈ കുറിപ്പിലെ പേജ് 6- ൽ 7-ാം-മത്തെ ഇനമായി നൽകിയിരിക്കുന്ന പ്രവർത്തനം സംബന്ധിച്ച്.) ജില്ലയിലെ ലൈബ്രറി കൗൺസിൽ ഭാരവാഹികളുടെ യോഗം ചേർന്ന് ജില്ലയിലെ എല്ലാ ലൈബ്രറിയിലും വയോജനദിനാചരണം നടത്തുന്നതിനുള്ള ആസൂത്രണം ചെയ്യേണ്ടതാണ്.
8. ജില്ലാതലത്തിലുള്ള എല്ലാ യോഗങ്ങളുടെ പൊതു സംഘാടക ചുമതല ജില്ലാ സാമൂഹ്യനീതി ഓഫീസർക്കായിരിക്കും.
9. ഓരോ പഞ്ചായത്തുകൾ/ നഗരസഭാ തലത്തിലും വയോജന ദിനാചരണ പരിപാടി സംഘടിപ്പിക്കാനുള്ള നേതൃത്വവും മേൽനോട്ടവും പ്രോത്സാഹനവും നൽകേണ്ടത് ശിശുവികസന പദ്ധതി ഓഫീസറും സൂപ്പർവൈസറുമാണ്.
10. ജില്ലാതലത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളുടെ പ്രതിനിധികളും ഉൾക്കൊള്ളുന്ന ടീം ജില്ലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്.